# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1862 — 05.10.2016-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ഗർഭിണികളിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.പി. സജീന്ദ്രൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിലെ ഗർഭിണികളിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിൻറെ ഭക്ഷ്യസഹായ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി, സാമൂഹ്യനീതി വകുപ്പ്, അംഗൻവാടികൾ മുഖേന നടത്തിവരുന്ന ഭക്ഷ്യ വിതരണ പദ്ധതി, ആരോഗ്യ വകുപ്പ് മുഖേനയുള്ള പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും സ്ക്രീനിംഗ് നടത്തി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെൻററുകൾ വഴിയുള്ള ചികിത്സയും പരിപാലനവും അയേൺ ഫോളിക് ആസിഡുകളുടെ വിതരണം, ജെ.പി.എച്ച്.എൻ. മാരുടെ പരിശീലനവും പരിചരണവും, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, കുടുംബശ്രീ മുഖേനയുള്ള സമൂഹ അടുക്കളകളുടെ പ്രവർത്തനം തുടങ്ങിയവയാണ് ഈ കാര്യത്തിലേക്കായി അട്ടപ്പാടിയിൽ നടത്തി വരുന്ന പദ്ധതികൾ. |
| ബി) | എത്ര തുകയാണ് ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്; | ബി) | ഫുഡ് സപ്പോർട്ട് പ്രോഗ്രാം ഇനത്തിൽ ഈ വർഷം 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | ഈ സർക്കാരിൻറെ കാലത്ത് അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം എത്ര കുട്ടികൾ മരണപ്പെടുകയുണ്ടായി; | സി) | പോഷകാഹാരക്കുറവ് മൂലം കുട്ടികൾ മരണപ്പെട്ടിട്ടില്ല. |
| ഡി) | നിലവിലുള്ള പദ്ധതികൾ പൂർണ്ണ ഫലം നൽകാത്ത സാഹചര്യത്തിൽ ആദിവാസികളുടെ ജീവനോപാധികൾക്ക് ഇണങ്ങുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി കൈക്കൊള്ളുമോ; | ഡി) | നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടത്താനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഇതിൻറെ ഭാഗമായി 192 ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ വ്യാപിപ്പിക്കുവാൻ 3.5 കോടി രൂപ ഈ സർക്കാർ അധികാരമേറ്റയുടൻ അനുവദിച്ചു. ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെൻറർ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ